ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (2)

ദൂത് പത്ത്

# ദൈവത്തിന്റെ ഉൽകൃഷ്ടസൃഷ്ടി എന്ന നിലയിൽ ഏക പുതു മനുഷ്യന്റെ സ്രഷ്ടാവ്

RA *Hymns*: E1230, ML214

തിരുവെഴുത്ത് വായന: ഉല്പ. 1:26; എഫെ. 2:10, 14-16; 4:22-24

ഉല്പ. 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

എഫെ. 2:14 അവൻ തന്നെ നമ്മുടെ സമാധാനം, അവൻ ഇരുകൂട്ടരെയും ഒന്നാക്കി, ചട്ടങ്ങളിലുള്ള കൽപനകളുടെ ന്യായപ്രമാണത്തെ തന്റെ ജഡത്തിൽ നീക്കിക്കളഞ്ഞുകൊണ്ട്,

എഫെ. 2:15 വേർപാടിന്റെ നടുച്ചുവർ എന്ന ശത്രുത്വത്തെ ഇടിച്ചുകളഞ്ഞു, അത് അവനിൽത്തന്നെ ഇരുകൂട്ടരെയും ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ സമാധാനം ഉണ്ടാക്കി,

എഫെ. 2:16 ക്രൂശിനാൽ ശത്രുത്വത്തെ ഇല്ലാതാക്കിയിട്ട്, അതിലൂടെ ഇരുകൂട്ടരെയും ഏകശരീരത്തിൽ ദൈവത്തോട് നിരപ്പിക്കേണ്ടതിനും ആകുന്നു.

എഫെ. 4:22 നിങ്ങളുടെ മുമ്പിലത്തെ നടപ്പു സംബന്ധിച്ച്, വഞ്ചനയുടെ മോഹങ്ങൾക്കനുസൃതമായി ദുഷിക്കപ്പെടുന്ന, പഴയ മനുഷ്യനെ ഉരിഞ്ഞു കളയുകയും,

എഫെ. 4:23 നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുകയും,

എഫെ. 4:24 യാഥാർഥ്യത്തിന്റെ നീതിയിലും വിശുദ്ധിയിലും ദൈവാനുസൃതമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിക്കുകയും ചെയ്യുവിൻ.

**I. മനുഷ്യനെ സൃഷ്ടിച്ചതിലുള്ള ദൈവത്തിന്റെ ഉദ്ദേശ്യം, അവനെ ആവിഷ്കരിക്കാനും അവനെ പ്രതിനിധീകരിക്കാനും ഒരു സംഘാത മനുഷ്യനെ സൃഷ്ടിക്കുക എന്നതായിരുന്നു—ഉല്പ. 1:26; എഫെ. 2:15:**

ഉല്പ. 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

എഫെ. 2:15 വേർപാടിന്റെ നടുച്ചുവർ എന്ന ശത്രുത്വത്തെ ഇടിച്ചുകളഞ്ഞു, അത് അവനിൽത്തന്നെ ഇരുകൂട്ടരെയും ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ സമാധാനം ഉണ്ടാക്കി,

A. മനുഷ്യൻ തന്റെ ശത്രുവിനോട് ഇടപെടുവാൻ ദൈവത്തെ പ്രതിനിധീകരിക്കേണ്ടതിന് തന്റെ ആവിഷ്കാരത്തിനായി ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കുകയും മനുഷ്യന് തന്റെ ആധിപത്യം നൽകുകയും ചെയ്തു—ഉല്പ. 1:26.

ഉല്പ. 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ

സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

B. പുതിയ സൃഷ്ടിയിലെ പുതുമനുഷ്യനെന്ന നിലയിൽ സഭ ദൈവത്തിന്റെ ആവിഷ്കാരത്തിനായി ദൈവത്തിന്റെ സ്വരൂപം വഹിക്കുകയും ദൈവരാജ്യത്തിനുവേണ്ടി ദൈവത്തിന്റെ ശത്രുവിനെതിരെ പോരാടുകയും ചെയ്യുന്നു—കൊലൊ. 3:10-11; എഫെ. 2:15; 4:24; 6:10-11.

കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

എഫെ. 2:15 വേർപാടിന്റെ നടുച്ചുവർ എന്ന ശത്രുത്വത്തെ ഇടിച്ചുകളഞ്ഞു, അത് അവനിൽത്തന്നെ ഇരുകൂട്ടരെയും ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ സമാധാനം ഉണ്ടാക്കി,

എഫെ. 4:24 യാഥാർഥ്യത്തിന്റെ നീതിയിലും വിശുദ്ധിയിലും ദൈവാനുസൃതമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിക്കുകയും ചെയ്യുവിൻ.

എഫെ. 6:10 ഒടുവിൽ, കർത്താവിലും അവന്റെ ബലത്തിന്റെ കരുത്തിലും, ശക്തിപ്പെടുവിൻ.

എഫെ. 6:11 പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധവർഗം ധരിക്കുവിൻ.

C. പഴയ മനുഷ്യനിൽ ഭിന്നിക്കപ്പെട്ടതും ചിതറപ്പെട്ടതുമായ കാര്യങ്ങൾ പുതുമനുഷ്യനിൽ പ്രത്യുദ്ധരിക്കപ്പെടുന്നു—ഉല്പ. 11:5-9; പ്രവൃ. 2:5-12; കൊലൊ. 3:10-11.

ഉല്പ. 11:5 മനുഷ്യർ പണിത പട്ടണവും ഗോപുരവും കാണേണ്ടതിന്നു യഹോവ ഇറങ്ങിവന്നു.

ഉല്പ. 11:6 അപ്പോൾ യഹോവ: ഇതാ, ജനം ഒന്നു, അവർക്കെല്ലാവർക്കും ഭാഷയും ഒന്നു; ഇതും അവർ ചെയ്തു തുടങ്ങുന്നു; അവർ ചെയ്‌വാൻ നിരൂപിക്കുന്നതൊന്നും അവർക്കു അസാദ്ധ്യമാകയില്ല.

ഉല്പ. 11:7 വരുവിൻ; നാം ഇറങ്ങിച്ചെന്നു, അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കിക്കളക എന്നു അരുളിച്ചെയ്തു.

ഉല്പ. 11:8 അങ്ങനെ യഹോവ അവരെ അവിടെനിന്നു ഭൂതലത്തിലെങ്ങും ചിന്നിച്ചു; അവർ പട്ടണം പണിയുന്നതു വിട്ടുകളഞ്ഞു.

ഉല്പ. 11:9 സർവ്വഭൂമിയിലെയും ഭാഷ യഹോവ അവിടെവെച്ചു

കലക്കിക്കളകയാൽ അതിന്നു ബാബേൽ എന്നു പേരായി; യഹോവ അവരെ അവിടെനിന്നു ഭൂതലത്തിൽ എങ്ങും ചിന്നിച്ചുകളഞ്ഞു.

പ്രവൃ. 2:5 യെരൂശലേമിലാകട്ടെ, ആകാശത്തിൻകീഴിലുള്ള സകല ജാതിയിൽ നിന്നും ഭക്തിയുള്ള പുരുഷന്മാരായ യെഹൂദന്മാർ വസിക്കുകയായിരുന്നു.

പ്രവൃ. 2:6 ഈ ശബ്ദം ഉണ്ടായപ്പോൾ, പുരുഷാരം ഒന്നിച്ചു കൂടിവരുകയും, അവർ സംസാരിക്കുന്നത് ഓരോരുത്തനും തന്റെ സ്വന്ത ഭാഷയിൽ കേട്ടതിനാൽ ചിന്താക്കുഴപ്പത്തിലാകുകയും ചെയ്തു.

പ്രവൃ. 2:7 അവർ അമ്പരന്നും ആശ്ചര്യപ്പെട്ടും പറഞ്ഞത്, ഇതാ, ഈ സംസാരിക്കുന്നവർ എല്ലാവരും ഗലീലക്കാർ അല്ലയോ?

പ്രവൃ. 2:8 പിന്നെ നാം ജനിച്ച നമ്മുടെ സ്വന്തം ഭാഷയിൽ നാം ഓരോരുത്തനും അവരെ കേൾക്കുന്നത് എങ്ങനെ?

പ്രവൃ. 2:9 പർത്ഥരും മേദ്യരും ഏലാമ്യരും മെസപ്പൊത്താമ്യയിൽ വസിക്കുന്നരും, യെഹൂദ്യയിലും കപ്പദോക്യയിലും, പൊന്തൊസിലും ആസ്യയിലും,

പ്രവൃ. 2:10 പ്രുഗ്യയിലും പംഫുല്യയിലും, മിസ്രയീമിലും കുറേനെയ്ക്കു ചുറ്റുമുള്ള ലിബ്യയുടെ ഭാഗങ്ങളിലും, റോമയിൽ പരദേശവാസം കഴിക്കുന്നവരും, യെഹൂദന്മാരും മതം മാറിയവരും,

പ്രവൃ. 2:11 ക്രേത്യരും അറബിക്കാരും, അവർ ദൈവത്തിന്റെ മഹത്തായ പ്രവൃത്തികൾ നമ്മുടെ ഭാഷകളിൽ സംസാരിക്കുന്നത് നാം കേൾക്കുന്നു.

പ്രവൃ. 2:12 അവർ എല്ലാവരും, ഇതിന്റെ അർഥം എന്ത്? എന്ന് അന്യോന്യം പറഞ്ഞുകൊണ്ട് അമ്പരന്നും പരിഭ്രമിച്ചും ഇരുന്നു.

കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

**II. ദൈവത്തിന്റെ ഉൽകൃഷ്ടസൃഷ്ടിയായ കവിത എന്ന നിലയിൽ പുതുമനുഷ്യൻ ക്രിസ്തുവിന്റെ മരണത്തിലൂടെയും അവന്റെ പുനരുത്ഥാനത്തിലുമാണ് സൃഷ്ടിക്കപ്പെട്ടത്—എഫെ. 2:10, 15-16:**

എഫെ. 2:10 എന്തെന്നാൽ നാം സൽപ്രവൃത്തികൾക്കായി ക്രിസ്തു യേശുവിൽ സൃഷ്ടിക്കപ്പെട്ട അവന്റെ ഉൽകൃഷ്ടസൃഷ്ടി ആകുന്നു, നാം അവയിൽ നടക്കേണ്ടതിന് ദൈവം അവയെ മുൻകൂട്ടി ഒരുക്കിയിരിക്കുന്നു.

എഫെ. 2:15 വേർപാടിന്റെ നടുച്ചുവർ എന്ന ശത്രുത്വത്തെ ഇടിച്ചുകളഞ്ഞു, അത് അവനിൽത്തന്നെ ഇരുകൂട്ടരെയും ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ സമാധാനം ഉണ്ടാക്കി,

എഫെ. 2:16 ക്രൂശിനാൽ ശത്രുത്വത്തെ ഇല്ലാതാക്കിയിട്ട്, അതിലൂടെ ഇരുകൂട്ടരെയും ഏകശരീരത്തിൽ ദൈവത്തോട്

നിരപ്പിക്കേണ്ടതിനും ആകുന്നു.

A. 14-ലും 15-ഉം വാക്യങ്ങളിലെ രണ്ട് പദപ്രയോഗങ്ങൾക്ക് നാം ശ്രദ്ധനൽകേണ്ടതുണ്ട്: *തന്റെ ജഡത്തിലും അവനിൽത്തന്നെയും:*

എഫെ. 2:15 അവൻ തന്നെ നമ്മുടെ സമാധാനം, അവൻ ഇരുകൂട്ടരെയും ഒന്നാക്കി, ചട്ടങ്ങളിലുള്ള കൽപനകളുടെ ന്യായപ്രമാണത്തെ തന്റെ ജഡത്തിൽ നീക്കിക്കളഞ്ഞുകൊണ്ട്,

എഫെ. 2:15 വേർപാടിന്റെ നടുച്ചുവർ എന്ന ശത്രുത്വത്തെ ഇടിച്ചുകളഞ്ഞു, അത് അവനിൽത്തന്നെ ഇരുകൂട്ടരെയും ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ സമാധാനം ഉണ്ടാക്കി,

1. "തന്റെ ജഡത്തിൽ" ക്രിസ്തു പ്രപഞ്ചത്തിലെ എല്ലാ പ്രതിലോമ കാര്യങ്ങളെയും അവസാനിപ്പിച്ചു: പിശാചായ, ദൈവത്തിന്റെ ശത്രുവായ, സാത്താൻ (എബ്രാ. 2:14); പാപം (റോമ. 8:3; യോഹ. 1:29); വീണുപോയ മനുഷ്യന്റെ ജഡം (ഗലാ. 5:24); കോസ്മോസ് എന്ന സാത്താന്റെ ദുഷിച്ച വ്യവസ്ഥിതിയായ, ലോകം (യോഹ. 12:31); പഴയ മനുഷ്യൻ പ്രതിനിധാനം ചെയ്യുന്ന പഴയ സൃഷ്ടി (റോമ. 6:6); ന്യായപ്രമാണത്തിന്റെ വേർപെടുത്തുന്ന ചട്ടങ്ങൾ (എഫെ. 2:15).

എബ്രാ. 2:14 ആകയാൽ മക്കൾ ജഡരക്തത്തിൽ പങ്കെടുത്തിരിക്കുന്നതുകൊണ്ട്, താനും അപ്രകാരം അവയിൽ പങ്കുകൊണ്ട്, മരണത്തിന്റെ പ്രഭാവമുള്ളവനെ, അതായത്, പിശാചിനെ മരണത്തിലൂടെ നശിപ്പിച്ച്,

റോമ. 8:3 ജഡത്താലുള്ള ബലഹീനതയിൽ, ന്യായപ്രമാണത്തിന് ചെയ്യുവാൻ കഴിയാത്തതിനെ, ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം സംബന്ധിച്ചും അയച്ച്, പാപത്തെ ജഡത്തിൽ ശിക്ഷവിധിച്ചു,

യോഹ. 1:29 പിറ്റെന്നാൾ യേശു തന്റെ അടുക്കലേക്ക് വരുന്നത് കണ്ടിട്ട് അവൻ പറഞ്ഞു, ഇതാ, ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്!

ഗലാ. 5:24 എന്നാൽ ക്രിസ്തു യേശുവിനുള്ളവർ ജഡത്തെ അതിന്റെ അഭിനിവേശങ്ങളോടും മോഹങ്ങളോടും കൂടെ, ക്രൂശിച്ചിരിക്കുന്നു.

യോഹ. 12:31 ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു; ഇപ്പോൾ ഈ ലോകത്തിന്റെ അധിപൻ പുറത്താക്കപ്പെടും.

റോമ. 6:6 നാം ഇനി അടിമകളായി പാപത്തെ സേവിക്കാതിരിക്കുവാൻ, നമ്മുടെ പാപശരീരം അസാധുവാക്കപ്പെടേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നത് അറിഞ്ഞുകൊണ്ട് തന്നെ;

എഫെ. 2:15 വേർപാടിന്റെ നടുച്ചുവർ എന്ന ശത്രുത്വത്തെ ഇടിച്ചുകളഞ്ഞു, അത് അവനിൽത്തന്നെ ഇരുകൂട്ടരെയും

ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ സമാധാനം ഉണ്ടാക്കി,

2. മണ്ഡലവും മൂലകവും സാരാംശവും എന്ന നിലയിൽ "അവനിൽത്തന്നെ" ക്രിസ്തു യെഹൂദന്മാരെയും ജാതികളെയും ഏക പുതുമനുഷ്യനായി സൃഷ്ടിച്ചു:
   a. ക്രിസ്തു ഏക പുതുമനുഷ്യനായ, സഭയുടെ സ്രഷ്ടാവ് മാത്രമല്ല, പുതുമനുഷ്യൻ സൃഷ്ടിക്കപ്പെട്ട മണ്ഡലവും മൂലകവും സാരാംശവും കൂടിയാണ്.
   b. ക്രിസ്തു ദൈവത്തിന്റെ ദിവ്യ സ്വഭാവം മനുഷത്വവുമായി ഏക അസ്തിത്വമാക്കുന്ന ഏക പുതുമനുഷ്യന്റെ മൂലകവും സാരാംശവുമാണ്—പ്ര.നി. കൊലൊ. 3:10-11.

| | |
|---|---|
| കൊലൊ. 3:10 | തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ, |
| കൊലൊ. 3:11 | അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു. |

B. പുതുമനുഷ്യന്റെ സൃഷ്ടിയിൽ, ഒന്നാമതായി നമ്മുടെ സ്വാഭാവിക മനുഷ്യൻ ക്രിസ്തുവിനാൽ ക്രൂശിക്കപ്പെടുകയും, തുടർന്ന് നമ്മെ പ്രപഞ്ചത്തിലെ തികച്ചും പുതുതായ ഒരു കാര്യമായ, ദൈവത്തിന്റെ ഒരു പുതിയ കണ്ടുപിടുത്തമായ, ദൈവവേലയുടെ ഉൽകൃഷ്ടസൃഷ്ടിയായിത്തീരുവാൻ നമ്മെ ഇടയാക്കുന്നതിന്, പഴയ മനുഷ്യനെ നീക്കം ചെയ്തതിലൂടെ ക്രിസ്തു നമ്മിലേക്ക് ദിവ്യ മൂലകം പകർന്നു—റോമ. 6:6; 2 കൊരി. 5:17:

| | |
|---|---|
| റോമ. 6:6 | നാം ഇനി അടിമകളായി പാപത്തെ സേവിക്കാതിരിക്കുവാൻ, നമ്മുടെ പാപശരീരം അസാധുവാക്കപ്പെടേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നത് അറിഞ്ഞുകൊണ്ട് തന്നെ; |
| 2 കൊരി. 5:17 | അതുകൊണ്ട് ഒരുവൻ ക്രിസ്തുവിലാണെങ്കിൽ, അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയവ നീങ്ങിപ്പോയി, ഇതാ, അവ പുതുതായിത്തീർന്നിരിക്കുന്നു. |

1. *ഉൽകൃഷ്ടസൃഷ്ടി* എന്നതിനുള്ള യവന പദം പോയീമ, അതിന്റെ അർഥം "ഒരു കവിതയായി എഴുതുകയോ രചിക്കുകയോ ചെയ്തതായ എന്തോ ഒന്ന്" എന്നാണ്.
2. കാവ്യാത്മകമായ ഒരു രചനയെ മാത്രമല്ല, ശിൽപ്പിയുടെ ജ്ഞാനത്തെയും രൂപകൽപനയെയും ആവിഷ്കരിക്കുന്ന ഏതൊരു കലാസൃഷ്ടിയെയും ഒരു കവിതയായി കണക്കാക്കാം.
3. സഭയായ നാം, ദൈവത്തിന്റെ അപരിമേയ ജ്ഞാനത്തെയും ദിവ്യ രൂപകൽപനയെയും ആവിഷ്കരിക്കുന്ന ഒരു കവിതയാണ്; സഭ, ക്രിസ്തു ആയിരിക്കുന്നതിന്റെയെല്ലാം ജ്ഞാനസമ്പന്നമായ പ്രദർശനമാണ്—എഫെ. 3:10-11.

എഫെ. 3:10 അത് ഇപ്പോൾ സ്വർഗീയങ്ങളിലെ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും,

എഫെ. 3:11 നമ്മുടെ കർത്താവായ ക്രിസ്തു യേശുവിൽ അവൻ ഉണ്ടാക്കിയ നിത്യോദ്ദേശ്യപ്രകാരം, സഭയിലൂടെ ദൈവത്തിന്റെ ബഹുവിധ ജ്ഞാനം അറിവാക്കേണ്ടതിനാകുന്നു,

4. ദൈവത്തിന്റെ രക്ഷയിൽ മൂന്ന് സുപ്രധാന കാര്യങ്ങളായി ക്രിസ്തു നമുക്ക് ദൈവത്തിൽ നിന്ന് ജ്ഞാനമായിത്തീർന്നു—1 കൊരി. 1:30:

1 കൊരി. 1:30 എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

a. അവൻ നമ്മുടെ നീതിയാണ് (നമ്മുടെ ഭൂതകാലത്തിന്), അതിലൂടെ നാം ദൈവത്താൽ നീതീകരിക്കപ്പെട്ടിരിക്കുന്നു, അങ്ങനെ നമ്മുടെ ആത്മാവിൽ നാം വീണ്ടും ജനിക്കേണ്ടതിന് ദിവ്യജീവൻ പ്രാപിക്കുന്നു—റോമ. 5:18; 8:10.

റോമ. 5:18 അതുകൊണ്ട് ഏക അതിക്രമത്തിലൂടെ സകല മനുഷ്യർക്കും അത് ശിക്ഷാവിധിയിങ്കലേക്ക് ആയിരുന്നതുപോലെ, ഏക നീതിപ്രവൃത്തിയിലൂടെ സകല മനുഷ്യർക്കും അത് ജീവന്റെ നീതീകരണത്തിങ്കലേക്കും ആയിരുന്നു.

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

b. അവൻ നമ്മുടെ വിശുദ്ധീകരണമാണ് (നമ്മുടെ വർത്തമാനകാലത്തിന്), അതിലൂടെ അവന്റെ ദിവ്യജീവനാൽ നാം നമ്മുടെ ദേഹിയിൽ വിശുദ്ധീകരിക്കപ്പെടുന്നു (നമ്മുടെ മനസ്സിലും വികാരത്തിലും ഇച്ഛയിലും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു)—6:19, 22.

റോമ. 6:19 നിങ്ങളുടെ ജഡത്തിന്റെ ബലഹീനത നിമിത്തം ഞാൻ മാനുഷികരീതിയിൽ സംസാരിക്കുന്നു. നിങ്ങൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി അധർമത്തിങ്കലേക്കുള്ള അശുദ്ധിക്കും അധർമത്തിനും സമർപ്പിച്ചതുപോലെ, ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി, വിശുദ്ധീകരണത്തിങ്കലേക്കുള്ള നീതിക്ക് സമർപ്പിക്കുവിൻ.

റോമ. 6:22 എന്നാൽ ഇപ്പോൾ, പാപത്തിൽനിന്ന് സ്വതന്ത്രരാക്കപ്പെടുകയും ദൈവത്തിന് അടിമപ്പെടുകയും ചെയ്തിട്ട്, നിങ്ങൾക്ക് വിശുദ്ധീകരണത്തിങ്കലേക്ക് നിങ്ങളുടെ ഫലം ഉണ്ട്, അവസാനം നിത്യജീവനും ആകുന്നു.

c. അവൻ നമ്മുടെ വീണ്ടെടുപ്പാണ് (നമ്മുടെ ഭാവികാലത്തിന്), അതായത്, നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പിന്, അതിലൂടെ നമുക്ക് അവന്റെ തേജോമയമായ സ്വരൂപം ഉണ്ടാകേണ്ടതിന്, നാം അവന്റെ ദിവ്യജീവനാൽ നമ്മുടെ ശരീരത്തിൽ കായാന്തരപ്പെടും—8:23; ഫിലി. 3:21.

റോമ. 8:23 അതു മാത്രമല്ല, ആത്മാവിന്റെ ആദ്യഫലം ഉള്ളവരായ നാമും, നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ, പുത്രത്വത്തെ പ്രതീക്ഷയോടെ കാത്തിരുന്നുകൊണ്ട് നമ്മിൽത്തന്നെ ഞരങ്ങുന്നു.

ഫിലി. 3:21 അവൻ സകലത്തെയും തനിക്കുതന്നെ കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരത്തിനൊത്തവണ്ണം, നമ്മുടെ താഴ്ച്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപപ്പെടുമാറ് കായാന്തരപ്പെടുത്തും.

5. നമ്മുടെ മുഴു ആളത്തത്തെ—ആത്മാവിനെയും, ദേഹിയെയും, ദേഹത്തെയും—ക്രിസ്തുവിനോട് ജൈവികമായി ഒന്നാക്കുകയും, ക്രിസ്തു താൻ ആയിരിക്കുന്ന എല്ലാറ്റിന്റെയും ഐശ്വര്യമാർന്ന ഭരണമായ പ്രദർശനമായി നമ്മെ മാറ്റുകയും ചെയ്യുന്ന സമ്പൂർണവും തികഞ്ഞതുമായ രക്ഷയിൽ നാം പങ്കുചേരുന്നത് ദൈവത്താലാണ്.

**III. വേർപാടിന്റെ നടുച്ചുവർ എന്ന ചട്ടങ്ങളിലുള്ള കൽപനകളെ തന്റെ ജഡത്തിൽ നീക്കിക്കളഞ്ഞുകൊണ്ട്, ക്രിസ്തു ക്രൂശിൽ അവനിൽത്തന്നെ പുതുമനുഷ്യനെ സൃഷ്ടിച്ചു—എഫെ. 2:14-15:**

എഫെ. 2:14a അവൻ തന്നെ നമ്മുടെ സമാധാനം, അവൻ ഇരുകൂട്ടരെയും ഒന്നാക്കി, ചട്ടങ്ങളിലുള്ള കൽപനകളുടെ ന്യായപ്രമാണത്തെ തന്റെ ജഡത്തിൽ നീക്കിക്കളഞ്ഞുകൊണ്ട്,

എഫെ. 2:15 വേർപാടിന്റെ നടുച്ചുവർ എന്ന ശത്രുത്വത്തെ ഇടിച്ചുകളഞ്ഞു, അത് അവനിൽത്തന്നെ ഇരുകൂട്ടരെയും ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ സമാധാനം ഉണ്ടാക്കി,

A. വാക്യം 15-ൽ പറഞ്ഞിരിക്കുന്ന ന്യായപ്രമാണം ധാർമിക കൽപ്പനകളുടെ ന്യായപ്രമാണമല്ല, പിന്നെയോ പരിച്ഛേദന, ശബ്ബത്ത് ആചരണം, ചില ഭക്ഷണം കഴിക്കുക തുടങ്ങിയ ചട്ടങ്ങളുടെ ആചാരപരമായ കൽപ്പനകളുടെ ന്യായപ്രമാണമാണ്.

എഫെ. 2:15 വേർപാടിന്റെ നടുച്ചുവർ എന്ന ശത്രുത്വത്തെ ഇടിച്ചുകളഞ്ഞു, അത് അവനിൽത്തന്നെ ഇരുകൂട്ടരെയും ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ സമാധാനം ഉണ്ടാക്കി,

B. ചട്ടങ്ങൾ എന്നത് ശത്രുത്വവും ഭിന്നതയും സൃഷ്ടിക്കുന്ന ജീവിതത്തിന്റെയും ആരാധനയുടെയും രീതികൾ അഥവാ വിധങ്ങൾ ആണ്:

1. ക്രൂശിൽ ക്രിസ്തു ജീവിതത്തെയും ആരാധനയെയും സംബന്ധിച്ച എല്ലാ ആചാരങ്ങളെ, ജാതികളെ ഭിന്നിപ്പിച്ച ആചാരങ്ങളെ ഇല്ലാതാക്കി—വാ. 15; കൊലൊ. 2:14.

| | |
|---|---|
| എഫെ. 2:15 | വേർപാടിന്റെ നടുച്ചുവർ എന്ന ശത്രുത്വത്തെ ഇടിച്ചുകളഞ്ഞു, അത് അവനിൽത്തന്നെ ഇരുകൂട്ടരെയും ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ സമാധാനം ഉണ്ടാക്കി, |
| കൊലൊ. 2:14 | നമുക്ക് എതിരായിരുന്ന, നമുക്ക് വിരുദ്ധമായിരുന്ന, ചട്ടങ്ങളിലെ കൈയെഴുത്ത് മായ്ച്ചുകളയുകയും, അതിനെ ക്രൂശിൽ തറച്ചിട്ട്, അവൻ വഴിയിൽനിന്ന് നീക്കിക്കളയുകയും ചെയ്തു. |

2. ബാബേലിന്റെ കാലം മുതൽ, മനുഷ്യവർഗം ജീവിതത്തിന്റെയും ആരാധനയുടെയും രീതികളെ സംബന്ധിച്ച ചട്ടങ്ങളാൽ വിഭജിക്കപ്പെട്ടു; ദൈവത്തിന്റെ വ്യവസ്ഥയിലുള്ള സഭാജീവിതത്തിൽ നാം ബാബേലിനെ ജയിക്കണം—ഉല്പ. 11:1-9:

| | |
|---|---|
| ഉല്പ. 11:1 | ഭൂമിയിൽ ഒക്കെയും ഒരേ ഭാഷയും ഒരേ വാക്കും ആയിരുന്നു. |
| ഉല്പ. 11:2 | എന്നാൽ അവർ കിഴക്കോട്ടു യാത്ര ചെയ്തു, ശിനാർദേശത്തു ഒരു സമഭൂമി കണ്ടു അവിടെ കുടിയിരുന്നു. |
| ഉല്പ. 11:3 | അവർ തമ്മിൽ: വരുവിൻ, നാം ഇഷ്ടക അറുത്തു ചുടുക എന്നു പറഞ്ഞു. അങ്ങനെ അവർ ഇഷ്ടക കല്ലായും പശമണ്ണു കുമ്മായമായും ഉപയോഗിച്ചു. |
| ഉല്പ. 11:4 | വരുവിൻ, നാം ഭൂതലത്തിൽ ഒക്കെയും ചിതറിപ്പോകാതിരിപ്പാൻ ഒരു പട്ടണവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിക; നമുക്കു ഒരു പേരുമുണ്ടാക്കുക എന്നു അവർ പറഞ്ഞു. |
| ഉല്പ. 11:5 | മനുഷ്യർ പണിത പട്ടണവും ഗോപുരവും കാണേണ്ടതിന്നു യഹോവ ഇറങ്ങിവന്നു. |
| ഉല്പ. 11:6 | അപ്പോൾ യഹോവ: ഇതാ, ജനം ഒന്നു, അവർക്കെല്ലാവർക്കും ഭാഷയും ഒന്നു; ഇതും അവർ ചെയ്തു തുടങ്ങുന്നു; അവർ ചെയ്വാൻ നിരൂപിക്കുന്നതൊന്നും അവർക്കു അസാദ്ധ്യമാകയില്ല. |
| ഉല്പ. 11:7 | വരുവിൻ; നാം ഇറങ്ങിച്ചെന്നു, അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കിക്കളക എന്നു അരുളിച്ചെയ്തു. |
| ഉല്പ. 11:8 | അങ്ങനെ യഹോവ അവരെ അവിടെനിന്നു ഭൂതലത്തിലെങ്ങും ചിന്നിച്ചു; അവർ പട്ടണം പണിയുന്നതു വിട്ടുകളഞ്ഞു. |

ഉല്പ. 11:9 സർവ്വഭൂമിയിലെയും ഭാഷ യഹോവ അവിടെവെച്ചു കലക്കിക്കളകയാൽ അതിന്നു ബാബേൽ എന്നു പേരായി; യഹോവ അവരെ അവിടെനിന്നു ഭൂതലത്തിൽ എങ്ങും ചിന്നിച്ചുകളഞ്ഞു.

a. ക്രിസ്തുവായിരിക്കണം നമ്മുടെ ഏക സ്രോതസ്സ്; നമ്മുടെ പശ്ചാത്തലം, സംസ്കാരം, ദേശീയത എന്നിവയൊന്നും നമ്മുടെ സ്രോതസ്സായിരിക്കാൻ അനുവദിക്കരുത്—പ്ര.നി. കൊലൊ. 3:10-11.

കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

b. ലൗകികജനം സാംസ്കാരിക വ്യത്യാസങ്ങളെ അന്തസ്സിന്റെ സ്രോതസ്സായി കണക്കാക്കുന്നു, എന്നാൽ ക്രിസ്തുവിൽ നാം ഈ അന്തസ്സ് നീക്കിക്കളഞ്ഞു; ഇപ്പോൾ നമ്മുടെ ഏക അന്തസ്സ് ക്രിസ്തുവും യഥാർഥ ഒരുമയുമാണ്.

c. നമ്മുടെ സാംസ്കാരിക അഹന്ത ഉപേക്ഷിക്കാൻ നാം തയ്യാറാണെങ്കിൽ, കർത്താവിന് ശരിയായ സഭാജീവിതം ഉണ്ടായിരിക്കുവാൻ സാധിക്കും—എഫെ. 4:22-24.

എഫെ. 4:22 നിങ്ങളുടെ മുമ്പിലത്തെ നടപ്പു സംബന്ധിച്ച്, വഞ്ചനയുടെ മോഹങ്ങൾക്കനുസൃതമായി ദുഷിക്കപ്പെടുന്ന, പഴയ മനുഷ്യനെ ഉരിഞ്ഞു കളയുകയും,

എഫെ. 4:23 നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുകയും,

എഫെ. 4:24 യാഥാർഥ്യത്തിന്റെ നീതിയിലും വിശുദ്ധിയിലും ദൈവാനുസൃതമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിക്കുകയും ചെയ്യുവിൻ.

**IV. ഏക പുതുമനുഷ്യനുവേണ്ടിയും ഏക പുതുമനുഷ്യനിലും, ക്രിസ്തുവിന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളിൽ തീർപ്പുകൽപ്പിക്കുവാൻ നാം അനുവദിക്കണം—2:14, 15; കൊലൊ. 3:12-15; 2:14-18; റോമ. 5:1; മത്താ. 18:21-35:**

എഫെ. 2:14 അവൻ തന്നെ നമ്മുടെ സമാധാനം,

എഫെ. 2:15 ...അത് അവനിൽത്തന്നെ ഇരുകൂട്ടരെയും ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ സമാധാനം ഉണ്ടാക്കി,

കൊലൊ. 3:12 അതുകൊണ്ട് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടരും, വിശുദ്ധരും പ്രിയരുമായി, മനസ്സലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ അന്തർഭാഗങ്ങളിൽ ധരിച്ചുകൊള്ളുവിൻ;

കൊലൊ. 3:13 ആർക്കെങ്കിലും എതിരായി ഒരുവന് പരാതിയുണ്ടെങ്കിൽ, അന്യോന്യം വഹിക്കുകയും അന്യോന്യം ക്ഷമിക്കുകയും

ചെയ്യുവിൻ; കർത്താവ് നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും അങ്ങനെതന്നെ ക്ഷമിക്കണം.

കൊലൊ. 3:14 ഇവ എല്ലാറ്റിനും മീതെ തികവിന്റെ ഏകീകരണ ബന്ധമായ സ്നേഹം ധരിക്കുവിൻ.

കൊലൊ. 3:15 ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ തീർപ്പുകൽപ്പിക്കട്ടെ, അതിലേക്കല്ലോ നിങ്ങളെ ഏക ശരീരത്തിൽ വിളിച്ചത്; നന്ദിയുള്ളവരായും ഇരിക്കുവിൻ.

കൊലൊ. 2:14 നമുക്ക് എതിരായിരുന്ന, നമുക്ക് വിരുദ്ധമായിരുന്ന, ചട്ടങ്ങളിലെ കൈയെഴുത്ത് മായ്ച്ചുകളയുകയും, അതിനെ ക്രൂശിൽ തറച്ചിട്ട്, അവൻ വഴിയിൽനിന്ന് നീക്കിക്കളയുകയും ചെയ്തു.

കൊലൊ. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

കൊലൊ. 2:16 അതുകൊണ്ട് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നതിലോ, വിരുന്ന്, കറുത്തവാവ്, ശബ്ബത്ത് എന്നിവയെ സംബന്ധിച്ചോ ആരും നിങ്ങളെ വിധിക്കാതിരിക്കട്ടെ,

കൊലൊ. 2:17 അവ വരുവാനുള്ളവയുടെ നിഴലാകുന്നു, എന്നാൽ ദേഹമോ ക്രിസ്തുവിന്റേതാകുന്നു.

കൊലൊ. 2:18 സ്വയം തിരഞ്ഞെടുത്ത താഴ്മയിലും ദൂതന്മാരെ ആരാധിക്കുന്നതിലും താൻ കണ്ട കാര്യങ്ങളിൽ വസിച്ചുകൊണ്ടും തന്റെ മനസ്സിനെ ജഡത്തിൽ ഉറപ്പിച്ച് വ്യർഥമായി നിഗളിച്ചുകൊണ്ടും ആരും നിങ്ങളുടെ സമ്മാനത്തിന് അയോഗ്യരായി വിധിച്ച് നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ,

റോമ. 5:1 അതുകൊണ്ട് വിശ്വാസത്തിൽ നിന്ന് നീതീകരിക്കപ്പെട്ടിട്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്,

മത്താ. 18:21 അപ്പോൾ പത്രൊസ് അടുക്കൽവന്ന് അവനോട്, കർത്താവേ, എന്റെ സഹോദരൻ എത്രവട്ടം എനിക്കെതിരെ പാപം ചെയ്യുകയും ഞാൻ അവനോടു ക്ഷമിക്കുകയും ചെയ്യും? ഏഴു വട്ടം വരെയോ? എന്നു ചോദിച്ചു.

മത്താ. 18:22 യേശു അവനോടു പറഞ്ഞു, ഏഴുവട്ടം വരെ എന്നല്ല, ഏഴ് എഴുപതുവട്ടം വരെ എന്നത്രേ ഞാൻ നിന്നോടു പറയുന്നത്.

മത്താ. 18:23 ഇക്കാരണത്താൽ സ്വർഗരാജ്യം തന്റെ അടിമകളുമായി കണക്കുതീർക്കുവാൻ ആഗ്രഹിച്ച രാജാവിനോടു സദൃശമായി തീർന്നിരിക്കുന്നു.

മത്താ. 18:24 അവൻ കണക്കു തീർക്കുവാൻ തുടങ്ങിയപ്പോൾ പതിനായിരം താലന്ത് കടക്കാരനായ ഒരുവനെ അവന്റെ അടുക്കൽ കൊണ്ടുവന്നു.

മത്താ. 18:25 എന്നാൽ അവനു മടക്കിക്കൊടുക്കുവാൻ വകയില്ലാത്തതുകൊണ്ട്, യജമാനൻ അവനെയും അവന്റെ ഭാര്യയെയും മക്കളെയും അവനുള്ളതൊക്കെയും വിറ്റു മടക്കിത്തരുവാൻ കൽപ്പിച്ചു.

മത്താ. 18:26 അപ്പോൾ ആ അടിമ, എന്നോടു ക്ഷമ കാണിക്കേണമേ; ഞാൻ സകലവും നിനക്കു തിരികെ നൽകിക്കൊള്ളാം എന്നു പറഞ്ഞുകൊണ്ട് വീണു അവനെ ആരാധിച്ചു.

മത്താ. 18:27 ആ അടിമയുടെ യജമാനനു മനസ്സലിവുണ്ടായിട്ട് അവനെ വിട്ടയച്ചു, കടത്തെ അവനോടു ക്ഷമിക്കുകയും ചെയ്തു.

മത്താ. 18:28 എന്നാൽ ആ അടിമ പുറത്തു പോയി തന്നോട് നൂറു ദെനാറിയ കടപ്പെട്ടിരുന്ന തന്റെ കൂട്ടടിമകളിൽ ഒരുവനെ കണ്ടെത്തി അവനെ പിടിച്ചു, നീ കടപ്പെട്ടിരിക്കുന്നത് എനിക്കു തിരികെ നൽകുക എന്നു പറഞ്ഞുകൊണ്ട് അവന്റെ കഴുത്തു ഞെരുക്കുവാൻ തുടങ്ങി.

മത്താ. 18:29 അപ്പോൾ അവന്റെ കൂട്ടടിമ, എന്നോട് ക്ഷമ കാണിക്കേണമേ, ഞാൻ സകലതും തിരികെ നൽകിക്കൊള്ളാം എന്നു പറഞ്ഞുകൊണ്ട് വീണ് അവനോടു യാചിച്ചു.

മത്താ. 18:30 എന്നാൽ അവൻ ക്ഷമ കാണിച്ചില്ല; പകരം, അവൻ പോയി, കടപ്പെട്ടിരുന്നത് തിരികെ നൽകുവോളം അവനെ കാരാഗൃഹത്തിലേക്ക് എറിഞ്ഞു.

മത്താ. 18:31 നടന്നതു കണ്ടിട്ട്, അവന്റെ കൂട്ടടിമകൾ അത്യന്തം ദുഃഖിച്ച്, വന്ന് തങ്ങളുടെ യജമാനനോടു നടന്നതെല്ലാം വിവരിച്ചുപറഞ്ഞു.

മത്താ. 18:32 അപ്പോൾ അവന്റെ യജമാനൻ അവനെ തന്റെ അടുക്കൽ വിളിച്ച് അവനോടു പറഞ്ഞു, ദുഷ്ട അടിമയേ, എന്നോടു നീ യാചിച്ചതുകൊണ്ട് ആ കടമെല്ലാം ഞാൻ നിന്നോടു ക്ഷമിച്ചു.

മത്താ. 18:33 എനിക്കു നിന്നോടു കരുണയുണ്ടായതുപോലെ നിനക്കും നിന്റെ കൂട്ടടിമയോടു കരുണയുണ്ടാകേണ്ടതല്ലയോ?

മത്താ. 18:34 അവന്റെ യജമാനനോ കോപിച്ചിട്ട് കടപ്പെട്ടിരുന്നതെല്ലാം അവൻ മടക്കിത്തരും വരെ ദണ്ഡിപ്പിക്കുന്നവർക്ക് അവനെ ഏൽപ്പിച്ചു.

മത്താ. 18:35 നിങ്ങൾ ഓരോരുത്തരും നിങ്ങളുടെ ഹൃദയങ്ങളിൽനിന്ന് തന്റെ സഹോദരനോട് ക്ഷമിച്ചില്ല എങ്കിൽ ഇങ്ങനെതന്നെ എന്റെ സ്വർഗീയ പിതാവ് നിങ്ങളോടും ചെയ്യും.

A. *തീർപ്പുകൽപ്പിക്കുക* എന്നതിനുള്ള യവന പദത്തെ "വിധികർത്താവ്, അധ്യക്ഷം വഹിക്കുന്നവൻ, അഥവാ സകലത്തിന്റെയും ഭരണാധികാരിയും നിർണേതാവുമായി സിംഹാസനസ്ഥനാക്കപ്പെട്ടവൻ" എന്നും വിവർത്തനം ചെയ്യാവുന്നതാണ്. നമ്മുടെ ഹൃദയങ്ങളിലുള്ള ക്രിസ്തുവിന്റെ തീർപ്പുകൽപ്പിക്കുന്ന സമാധാനം ഒരുവനെതിരെയുള്ള നമ്മുടെ പരാതിയെ ഇല്ലാതാക്കിക്കളയുന്നു—കൊലൊ. 3:13-15.

കൊലൊ. 3:13 ആർക്കെങ്കിലും എതിരായി ഒരുവന് പരാതിയുണ്ടെങ്കിൽ, അന്യോന്യം വഹിക്കുകയും അന്യോന്യം ക്ഷമിക്കുകയും ചെയ്യുവിൻ; കർത്താവ് നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും അങ്ങനെതന്നെ ക്ഷമിക്കണം.

കൊലൊ. 3:14 ഇവ എല്ലാറ്റിനും മീതെ തികവിന്റെ ഏകീകരണ ബന്ധമായ സ്നേഹം ധരിക്കുവിൻ.

കൊലൊ. 3:15 ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ തീർപ്പുകൽപ്പിക്കട്ടെ, അതിലേക്കല്ലോ നിങ്ങളെ ഏക ശരീരത്തിൽ വിളിച്ചത്; നന്ദിയുള്ളവരായും ഇരിക്കുവിൻ.

B. പലപ്പോഴും നമ്മുടെ ഉള്ളിലെ മൂന്ന് കക്ഷികളെക്കുറിച്ച് നാം ബോധവാന്മാരാണ്: ഒരു അനുലോമ കക്ഷി, ഒരു പ്രതിലോമ കക്ഷി, ഒരു നിഷ്പക്ഷ കക്ഷി; അതിനാൽ, നമ്മുടെ ഉള്ളിലെ തർക്കം പരിഹരിക്കുന്നതിന് ആന്തരിക തീർപ്പുകൽപ്പിക്കലിന്റെ ആവശ്യമുണ്ട്:

1. നമ്മുടെ ഉള്ളിലെ വിവിധ കക്ഷികൾ തർക്കിക്കുകയോ കലഹിക്കുകയോ ചെയ്യുന്നുവെന്ന് നമുക്ക് തോന്നുമ്പോഴെല്ലാം, ക്രിസ്തുവിന്റെ അധ്യക്ഷത വഹിക്കുന്ന സമാധാനത്തിന് നാം ഇടം

നൽകുകയും, പുതുമനുഷ്യന്റെ ഒരുമയായ ഈ സമാധാനത്തെ നമ്മുടെ ഉള്ളിൽ ഭരിക്കാനും അന്തിമ വാക്ക് ഉണ്ടായിരിക്കുവാനും അനുവദിക്കുകയും വേണം.

2. നമ്മുടെ അഭിപ്രായവും ധാരണയും മാറ്റിവെച്ച്, ഉൾവസിക്കുന്ന തീർപ്പുകൽപ്പിക്കുന്നവന്റെ വാക്ക് നാം കേൾക്കേണ്ടതുണ്ട്.

C. ക്രിസ്തുവിന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളിൽ തീർപ്പുകൽപ്പിക്കുവാൻ അനുവദിക്കുകയാണെങ്കിൽ, ഈ സമാധാനം നമുക്കിടയിലുള്ള എല്ലാ തർക്കങ്ങളും പരിഹരിക്കും; നമുക്ക് ദൈവവുമായി ലംബമായും വിശുദ്ധന്മാരുമായി തിരശ്ചീനമായും സമാധാനമുണ്ടായിരിക്കും.

1. ക്രിസ്തുവിന്റെ സമാധാനത്തിന്റെ തീർപ്പുകൽപ്പിക്കലിലൂടെ, നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും, വിശുദ്ധന്മാർ തമ്മിലുള്ള ഉരസൽ അപ്രത്യക്ഷമാകുകയും ചെയ്യുന്നു; അപ്പോൾ സഭാജീവിതം മാധുര്യത്തിൽ കാക്കപ്പെടുകയും, പുതുമനുഷ്യൻ പ്രായോഗികമായ രീതിയിൽ പരിപാലിക്കപ്പെടുകയും ചെയ്യുന്നു.

2. ക്രിസ്തുവിന്റെ സമാധാനത്തിന്റെ തീർപ്പുകൽപ്പിക്കൽ നമ്മുടെ മേൽ തന്റെ ഭരണം പ്രയോഗിക്കുന്നതിനും അവസാന വാക്ക് സംസാരിക്കുന്നതിനും അന്തിമ തീരുമാനം എടുക്കുന്നതിനും ക്രിസ്തു നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുന്നതാണ്—പ്ര.നി. യെശ. 9:6-7.

യെശ. 9:6 നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാംദൈവം, നിത്യപിതാവു, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും.

യെശ. 9:7 അവന്റെ ആധിപത്യത്തിന്റെ വർദ്ധനെക്കും സമാധാനത്തിന്നും അവസാനം ഉണ്ടാകയില്ല; ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിലും ഇന്നുമുതൽ എന്നെന്നേക്കും അവൻ അതിനെ ന്യായത്തോടും നീതിയോടുംകൂടെ സ്ഥാപിച്ചു നിലനിർത്തും; സൈന്യങ്ങളുടെ യഹോവയുടെ തീക്ഷ്ണത അതിനെ നിവർത്തിക്കും.

3. ക്രിസ്തുവിന്റെ സിംഹാസനസ്ഥനായ സമാധാനത്തിന്റെ ഭരണത്തിൻകീഴിൽ നാം തുടരുകയാണെങ്കിൽ, നാം മറ്റുള്ളവരെ വ്രണപ്പെടുത്തുകയോ അവരെ നശിപ്പിക്കുകയോ ചെയ്യില്ല; കർത്താവിന്റെ കൃപയാലും അവന്റെ സമാധാനത്താലും നാം മറ്റുള്ളവർക്ക് ജീവൻ ശുശ്രൂഷിക്കും.

4. ഈ സമാധാനം എല്ലാ വിശ്വാസികളെയും ഒരുമിച്ചു ബന്ധിപ്പിക്കുകയും ഏകീകരണ ബന്ധമായിത്തീരുകയും വേണം—എഫെ. 4:3.

എഫെ. 4:3 ആത്മാവിന്റെ ഒരുമ സമാധാനത്തിന്റെ ഏകീകരണ ബന്ധത്തിൽ കാക്കുവാൻ ശുഷ്കാന്തിയുള്ളവരായിരുന്നു കൊണ്ട് തന്നെ:

**V. ഏക പുതുമനുഷ്യനിൽ ക്രിസ്തു എല്ലാ അവയവങ്ങളുമാണ് എല്ലാ അവയവങ്ങളിലും ഉണ്ട്—കൊലൊ. 3:10-11:**

കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ

ധരിച്ചിരിക്കുന്നുവല്ലോ,

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

A. നമ്മിൽ വസിക്കുന്ന ക്രിസ്തു ഏക പുതുമനുഷ്യന്റെ ഘടകാംശമാണ്—1:27; 3:11:

കൊലൊ. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

1. ക്രിസ്തു പുതുമനുഷ്യന്റെ എല്ലാ അവയവങ്ങളുമായതിനാൽ, പുതുമനുഷ്യനിൽ ഒരു സ്വാഭാവിക വ്യക്തിക്കും (ഏതെങ്കിലും വംശത്തിനോ, ദേശീയതയ്ക്കോ, സംസ്കാരത്തിനോ, സാമൂഹിക പദവിക്കോ) യാതൊരു സാധ്യതയുമില്ല, യാതൊരു ഇടവുമില്ല—വാ. 10-11.

കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

2. നാം ഏതുതരം വ്യക്തിയാണെങ്കിലും, ഏക പുതുമനുഷ്യനെ സംബന്ധിച്ചിടത്തോളം, നാമെല്ലാവരും ഒന്നുമല്ലാത്തവരാണ്.

3. ഏക പുതുമനുഷ്യനിൽ ഒരു വ്യക്തി മാത്രമേയുള്ളൂ—സർവവും ഉൾക്കൊള്ളുന്ന ക്രിസ്തു—2:17; 3:4, 11.

കൊലൊ. 2:17 അവ വരുവാനുള്ളവയുടെ നിഴലാകുന്നു, എന്നാൽ ദേഹമോ ക്രിസ്തുവിന്റേതാകുന്നു.

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

B. പുതുമനുഷ്യന് നാമെല്ലാവരും ക്രിസ്തുവിനെ നമ്മുടെ വ്യക്തിയായി എടുക്കേണ്ടതുണ്ട്—എഫെ. 2:15; 3:17:

എഫെ. 2:15 വേർപാടിന്റെ നടുച്ചുവർ എന്ന ശത്രുത്വത്തെ ഇടിച്ചുകളഞ്ഞു, അത് അവനിൽത്തന്നെ ഇരുകൂട്ടരെയും ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ

സമാധാനം ഉണ്ടാക്കി,

എഫെ. 3:17a അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും,...

1. ക്രിസ്തുവിന്റെ ശരീരം എന്ന നിലയിൽ, സഭയ്ക്ക് ക്രിസ്തുവിനെ അതിന്റെ ജീവനായി ആവശ്യമുണ്ട്; ഒരു പുതിയ മനുഷ്യൻ എന്ന നിലയിൽ, സഭയ്ക്ക് ക്രിസ്തുവിനെ അതിന്റെ വ്യക്തിയായി ആവശ്യമുണ്ട്.
2. ക്രിസ്തു ഏക വ്യക്തിയെന്ന നിലയിൽ നമ്മിൽ എല്ലാവരിലും ഉണ്ട്; അതിനാൽ, നമുക്കെല്ലാവർക്കും ഒരു വ്യക്തി മാത്രമേയുള്ളൂ—ഗലാ. 2:20; എഫെ. 3:17.

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

എഫെ. 3:17a അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, ...

3. ഏക പുതുമനുഷ്യന്റെ പ്രായോഗിക നിലനിൽപ്പിന്, പഴയ മനുഷ്യന്റെ മൊത്തത്തിലുള്ള വ്യക്തിയെ നീക്കംചെയ്യണം, നമ്മുടെ പുതിയ വ്യക്തിയാൽ നാം ജീവിക്കണം—റോമ. 6:6; ഗലാ. 2:20; എഫെ. 4:22-24; 3:17:

റോമ. 6:6 നാം ഇനി അടിമകളായി പാപത്തെ സേവിക്കാതിരിക്കുവാൻ, നമ്മുടെ പാപശരീരം അസാധുവാക്കപ്പെടേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നത് അറിഞ്ഞുകൊണ്ട് തന്നെ;

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

എഫെ. 4:22 നിങ്ങളുടെ മുമ്പിലത്തെ നടപ്പു സംബന്ധിച്ച്, വഞ്ചനയുടെ മോഹങ്ങൾക്കനുസൃതമായി ദുഷിക്കപ്പെടുന്ന, പഴയ മനുഷ്യനെ ഉരിഞ്ഞു കളയുകയും,

എഫെ. 4:23 നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുകയും,

എഫെ. 4:24 യാഥാർഥ്യത്തിന്റെ നീതിയിലും വിശുദ്ധിയിലും ദൈവാനുസൃതമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിക്കുകയും ചെയ്യുവിൻ.

എഫെ. 3:17a അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, ...

a. നമ്മിൽ എല്ലാ തീരുമാനങ്ങളും എടുക്കുന്നവനായി, ക്രിസ്തുവിനെ നമ്മുടെ വ്യക്തിയായി എടുത്തുകൊണ്ട് നാം പുതുമനുഷ്യനിൽ ഒരു ജീവിതം നയിക്കണം.

b. നാം ഏക പുതുമനുഷ്യന്റെ ഭാഗമാണെന്ന് ഒരിക്കൽ കണ്ടുകഴിഞ്ഞാൽ, നമുക്ക് സ്വയം കാര്യങ്ങൾ തീരുമാനിക്കാൻ കഴിയില്ല.

c. നാം ഒരു സംഘാത ശരീരവും ഒരു സംഘാത പുതുമനുഷ്യനാണെന്നും നമ്മുടെ ജീവിതവും (വ്യക്തിയും) നമ്മുടെ നീക്കവും (ജീവനും) സംഘാതം ആണെന്നും നാം കാണേണ്ടതുണ്ട്—1 കൊരി. 12:12; റോമ. 12:4-5.

| | |
|---|---|
| 1 കൊരി. 12:12 | എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും. |
| റോമ. 12:4 | ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ, |
| റോമ. 12:5 | പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു. |

4. എഫെസ്യർ 2:15-ലെ *ഏക പുതുമനുഷ്യനെ* റോമർ 15:6-ലെ *ഒരു വായോടും* 1 കൊരിന്ത്യർ 1:10-ലെ *ഒരേ കാര്യം സംസാരിക്കുന്നതിനോടും* ചേർത്തു നാം പരിഗണിക്കണം.

| | |
|---|---|
| എഫെ. 2:15 | വേർപാടിന്റെ നടുച്ചുവർ എന്ന ശത്രുത്വത്തെ ഇടിച്ചുകളഞ്ഞു, അത് അവനിൽത്തന്നെ ഇരുകൂട്ടരെയും ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ സമാധാനം ഉണ്ടാക്കി, |
| റോമ. 15:6 | അത് നിങ്ങൾ ഒരു മനസ്സോടെ ഒരു വായ് കൊണ്ട് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവും ആയവനെ മഹത്വപ്പെടുത്തേണ്ടതിന് തന്നെ. |
| 1 കൊരി. 1:10 | സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒരേ കാര്യം സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ വിഭാഗങ്ങൾ ഇല്ലാതെ, ഒരേ മനസ്സിലും ഒരേ അഭിപ്രായത്തിലും പൊരുത്തപ്പെടണം എന്ന് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമം മുഖാന്തരം ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. |

a. മുൻകാലങ്ങളിൽ അനേകം വ്യക്തികൾ ഉണ്ടായിരുന്നതിനാൽ അനേകം വായകൾ ഉണ്ടായിരുന്നു.

b. *ഒരു മനസ്സോടെ ഒരു വായ് കൊണ്ട്* (റോമ. 15:6) എന്നത് അർഥമാക്കുന്നത് നമ്മൾ അനേകരാണെങ്കിലും എല്ലാവരും സംസാരിക്കുകയാണെങ്കിലും നമ്മൾ എല്ലാവരും "ഒരേ കാര്യം സംസാരിക്കുന്നു" (1 കൊരി. 1:10) എന്നാണ്.

| | |
|---|---|
| റോമ. 15:6 | അത് നിങ്ങൾ ഒരു മനസ്സോടെ ഒരു വായ് കൊണ്ട് |

നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവും ആയവനെ മഹത്വപ്പെടുത്തേണ്ടതിന് തന്നെ.

1 കൊരി. 1:10 സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒരേ കാര്യം സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ വിഭാഗങ്ങൾ ഇല്ലാതെ, ഒരേ മനസ്സിലും ഒരേ അഭിപ്രായത്തിലും പൊരുത്തപ്പെടണം എന്ന് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമം മുഖാന്തരം ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.

c. നമ്മൾ പലരായിരിക്കുകയും പല സ്ഥലങ്ങളിൽ നിന്ന് വരുന്നുവെങ്കിലും നമുക്കെല്ലാവർക്കും ഒരു വായയാണുള്ളത്, നാമെല്ലാവരും ഒരേ കാര്യം സംസാരിക്കുകയും ചെയ്യുന്നു; ഇതിന്റെ കാരണം, നാമെല്ലാവരും ഒരു വ്യക്തി മാത്രമുള്ള ഏക പുതുമനുഷ്യനായതുകൊണ്ടാണ്—എഫെ. 2:15; 4:22-24; 3:17; റോമ. 15:6; 1 കൊരി. 1:10.

എഫെ. 2:15 വേർപാടിന്റെ നടുച്ചുവർ എന്ന ശത്രുത്വത്തെ ഇടിച്ചുകളഞ്ഞു, അത് അവനിൽത്തന്നെ ഇരുകൂട്ടരെയും ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ സമാധാനം ഉണ്ടാക്കി,

എഫെ. 4:22 നിങ്ങളുടെ മുമ്പിലത്തെ നടപ്പു സംബന്ധിച്ച്, വഞ്ചനയുടെ മോഹങ്ങൾക്കനുസൃതമായി ദുഷിക്കപ്പെടുന്ന, പഴയ മനുഷ്യനെ ഉരിഞ്ഞു കളയുകയും,

എഫെ. 4:23 നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുകയും,

എഫെ. 4:24 യാഥാർഥ്യത്തിന്റെ നീതിയിലും വിശുദ്ധിയിലും ദൈവാനുസൃതമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിക്കുകയും ചെയ്യുവിൻ.

എഫെ. 3:17a അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും,

റോമ. 15:6 അത് നിങ്ങൾ ഒരു മനസ്സോടെ ഒരു വായ് കൊണ്ട് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവും ആയവനെ മഹത്വപ്പെടുത്തേണ്ടതിന് തന്നെ.

1 കൊരി. 1:10 സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒരേ കാര്യം സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ വിഭാഗങ്ങൾ ഇല്ലാതെ, ഒരേ മനസ്സിലും ഒരേ അഭിപ്രായത്തിലും പൊരുത്തപ്പെടണം എന്ന് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമം മുഖാന്തരം ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.